**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2389** **21-06-2024 - ൽ മറുപടിയ്ക്ക്**

**കള്ള് വ്യവസായ മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കള്ള് വ്യവസായ മേഖല വലിയ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ നമ്മുടെ പരമ്പരാഗത തൊഴിൽ മേഖല എന്ന പരിഗണന നൽകി കള്ള് വ്യവസായരംഗത്തെ പുനരുജ്ജീവിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ; | (എ) | കള്ള് വ്യവസായ മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ട് കള്ള് വ്യവസായ വികസന ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ബോർഡിന്റെ നേതൃത്വത്തിൽ കള്ള് വ്യവസായവും കള്ള് വ്യവസായവുമായി ബന്ധപ്പെട്ട തൊഴിലാളികളെയും പുനരുജ്ജീവിപ്പിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. കള്ള് ഷാപ്പുകളുടെ വിൽപ്പന സുതാര്യമാക്കുന്നതിനായി 2023-26 വർഷത്തേക്ക് ഓൺലൈൻ മുഖേനയുള്ള വിൽപ്പനയാണ് നടത്തിയത്. നിലവിൽ കള്ള് ഷാപ്പുകളുടെ വിൽപ്പന 3 വർഷക്കാലത്തേക്കാണ് നടത്തുന്നത്. ഇപ്രകാരം കള്ള്ഷാപ്പുകൾ വിൽപനയിൽ ലഭിക്കുന്നവർക്ക് തുടർ വിൽപ്പനയിൽ മുൻഗണന നൽകുന്നു. വിൽപ്പനയിൽ പോകാത്ത കള്ള്ഷാപ്പുകൾ തൊഴിലാളി കമ്മിറ്റികൾക്ക് റെന്റൽ കുറച്ച് ഷാപ്പിന് 500 രൂപ നിരക്കിൽ നൽകുന്നു. നിലവിൽ പ്രവർത്തിച്ചുവരുന്ന കള്ള്ഷാപ്പുകളുടെ ശോചനീയാവസ്ഥയും വൃത്തിഹീനമായ ചുറ്റുപാടുകളും അസൗകര്യങ്ങളും പരിഹരിക്കുന്നതിനായി കള്ള്ഷാപ്പുകൾക്ക് മിനിമം നിലവാരം ഉറപ്പുവരുത്തക്ക വിധത്തിൽ പ്രൊഫഷണൽ സഹായത്തോടെ പൊതുവായ ഡിസൈൻ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കള്ള് കേരളത്തിന്റെ പാനീയം എന്ന നിലയിൽ പ്രോത്സാഹിപ്പിക്കുന്നതിന് "കേരളാ ടോഡി" എന്ന പേരിൽ കേരളത്തിൽ ഉത്പാദിപ്പിക്കുന്ന കള്ള് ബ്രാൻഡ് ചെയ്യുന്നതിന് 2023-24 അബ്കാരി പോളിസിയിൽ തീരുമാനം എടുത്തിട്ടുണ്ട്. |
| (ബി) | കള്ളിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കള്ള് ചെത്ത് തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ; | (ബി) | 2023-24 വർഷത്തെ മദ്യനയത്തിൽ സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും തെങ്ങിൻ തോട്ട അടിസ്ഥാനത്തിൽ കള്ള് ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനും ആയതിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കള്ള് വ്യവസായ മേഖലയിലെ |

| | | | |
|---|---|---|---|
| | | | പ്രതിസന്ധി പരിഹരിക്കുക, തൊഴിലാളികളെ സംരക്ഷിക്കുക, കള്ളിന്റെ ഉല്പാദനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ കള്ള് വ്യവസായ വികസന ബോർഡ് രൂപീകരിച്ചിട്ടുണ്ട്. വിനോദ സഞ്ചാരികളെ ആകർഷിക്കത്തക്ക വിധത്തിൽ കള്ളുഷാപ്പുകളെ മാറ്റുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ തൊഴിൽ അവസരങ്ങൾ സംരക്ഷിക്കുന്നതിനും ആയതിന് ഉതകുന്ന തരത്തിൽ ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തുവാനും 2023-24 വർഷത്തെ മദ്യനയത്തിൽ തീരുമാനിച്ചിട്ടുണ്ട്. തെങ്ങിൽ നിന്നും പ്രതിദിനം ലഭിക്കുന്ന കള്ളിന്റെ അളവ് നിശ്ചയിക്കപ്പെട്ടിട്ടുള്ള അളവിലും കൂടുതലാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നതിനാൽ ആയത് ശാസ്ത്രീയമായി പുനക്രമീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (സി) | കള്ള് ചെത്ത് തൊഴിലാളികളുടെ എണ്ണം ദിനംപ്രതി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ പുതിയ ആളുകളെ ഈ തൊഴിൽ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ? | (സി) | കള്ള് ചെത്ത് തൊഴിലാളികളുടെ എണ്ണം ദിനംപ്രതി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ പുതിയ ആളുകളെ ഈ തൊഴിൽ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മൂന്ന് സ്റ്റാർ ക്ലാസിഫിക്കേഷനോ അതിന് മുകളിലോ ക്ലാസിഫിക്കേഷൻ ഉള്ള ഹോട്ടലുകൾക്കും വിനോദ സഞ്ചാരമേഖലയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകൾക്കും അതാത് സ്ഥാപനങ്ങൾക്കുള്ളിലുള്ള വൃക്ഷം ചെത്തി ലഭിക്കുന്ന കള്ള് അവരുടെ അതിഥികൾക്ക് നൽകുന്നതിന് അനുവാദം നൽകി ഉത്തരവായിട്ടുണ്ട്. ടോഡി ബോർഡിന്റെ പ്രവർത്തനം പൂർണ്ണമായ തോതിൽ പ്രാവർത്തികമാകുന്നതോടുകൂടി യുവാക്കളെ കള്ള് ചെത്ത് മേഖലയിലേക്ക് കൂടുതൽ ആകർഷിക്കുന്നതിനും ശുദ്ധമായ കള്ളും, ഭക്ഷണവും ലഭിക്കുന്ന ഇടങ്ങളായി കള്ള്ഷാപ്പുകളെ മാറ്റുന്നതിനും നിലവിലുള്ള തൊഴിലാളികളെ സംരക്ഷിക്കുന്നതിനും സാധിക്കുന്നതാണ്. ആയതിലൂടെ കൂടുതൽ യുവാക്കൾ കള്ള്ചെത്ത് മേഖലയിലേക്ക് എത്തുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ